**കേരള സർക്കാർ**

# കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്
# 2016-2017
# ഓഡിറ്റ് റിപ്പോർട്ട്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**
**website : www.lfa.kerala.gov.in**
**e-mail : doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി13)1880/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 5.10.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

. ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

. റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പ്1 13)1880/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in

തീയതി : 5.10.2017

# കടുങ്ങല്ലൂർ ഗ്രാമപ്പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2016-17

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കടുങ്ങല്ലൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.ഗ്രാമപ്പഞ്ചായത്ത് 14.12.2016മുതൽ 31.03.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീമതി. ധന്യ ബാലകൃഷ്ണൻ. ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | | 4.08.2017 മുതൽ 16.08..2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | | ശ്രീമതി.സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ ശ്രീ. സി.എം.റഷീദ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ശ്രീ.സന്തോഷ് കുമാർ.എം, ഓഡിറ്റർ (ഹ:ഗ്രേഡ്) |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി.രത്നമ്മ സുരേഷ് | 01.04.2016മുതൽ 31.03.2017വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ എസ് പ്രകാശൻ | 01.04.2016മുതൽ 17.10.2016വരെ(F/N) |
| | ശ്രീ.സി മണികണ്ഠൻ | 17.10.2016(A/N)മുതൽ 31.03.2017വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.മഹേഷ് കുമാർ പി കെ | 01.04.2016മുതൽ 16.08.2016(F/N)വരെ |
| | അജയൻ | 16.08.2016(A/N)മുതൽ 05.11.2016(F/N)വരെ |
| | ഒഴിവ് | 05.11.2016 മുതൽ 21.11.2016 വരെ |
| | ശ്രീമതി.ബിന ജോസഫ് | 22.11.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ശിൽപ തോമസ് | 01.04.2016മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.നൈന റ്റി എ | 01.04.2016മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഗീത പി എൽ | 01.04.2016മുതൽ 31.03.2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മുപ്പത്തടം | ശ്രീമതി.ഫെബിന കെ എ | 01.04.2016മുതൽ 31.03.2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കടുങ്ങല്ലൂർ | ശ്രീ.വിജയ് വി ജി | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി കടുങ്ങല്ലൂർ | ഡോ.ഷറീന എസ് | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി ബീനാനിപുരം | ഡോ.സജീവ് സി കെ | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.ജയസന്ധ്യ പി | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സിയാദ് | 01.04.2016മുതൽ 24.06.2016വരെ |
| | ഡോ.സജിത വി എസ് | 25.06.2016മുതൽ 31.03.2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഷൈജ എം കുമാർ | 01.04.2016മുതൽ 31.03.2017വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.എം കെ ഉഷാകുമാരി | 01.04.2016മുതൽ 31.03.2017വരെ |
| അസി:എഞ്ചിനീയർ | ശ്രീമതി.ലാലി കെ ജി | 1.4.2016മുതൽ 31.03.2017വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ

**സൂചിക**

| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം 1** | |

| | | |
|---|---|---|
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | തനത് വരുമാനം | 1-7 |
| 8. | ക്ഷേമപദ്ധതികൾ | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് -ഓഡിറ്റ് നിർദ്ദേശം അധിക തുക തിരിച്ചടച്ചു | 1-12 |
| **ഭാഗം 2** | | |
| 13. | ഡി & ഒ ലൈസൻസ് ഫീ -അപാകതകൾ | 2-1 |
| 14. | തൊഴിൽ നികുതി-അപാകതകൾ | 2-2 |
| 15 | വസ്തു നികുതി സംബന്ധിച്ച അപാകതകൾ | 2-3 |
| 16 | ചുറ്റുമതിൽ നിർമ്മാണം ബ.ഹു. ഹൈക്കോടതി ഉത്തരവ് പാലിച്ചില്ല | 2-4 |
| 17 | ധനകാര്യ പത്രിക അപാകതകൾ | 2-5 |
| **ഭാഗം 3** | | |
| 18 | ഓഞ്ഞിത്തോട് പരിസരങ്ങളിൽ സ്ഥലം കൈയ്യേറി | 3-1 |
| 19 | നിയമനാസൃത ടാക്സബിൾ ഇല്ലാതെ നികുതി നല്കി | 3-2 |
| 20 | പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്റ്റ് നടപ്പാക്കി | 3-3 |
| 21 | പെർമിറ്റ് ഇല്ലാത്ത കെട്ടിടങ്ങൾക്ക് സബ്സിഡി നൽകി | 3-4 |
| 22 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ | 3-5 |
| 23 | തുക ഒടുക്കിയിട്ട് മരുന്ന് ലഭ്യമായില്ല | 3-6 |
| 24 | സാമൂഹ്യ ക്ഷേമ പെൻഷൻ തുക ബാക്കി നിലനില്ക്കുന്നു. | 3-7 |
| 25 | ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല.5273525 രൂപ തടസ്സം | 3-8 |
| | ഭാഗം 4 | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പാ/വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 35 | അനുബന്ധം : 2016-17വർഷത്തെ റെസീറ്റ് ആന്റ് പേയ്മെന്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ, ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം | |



# ഭാഗം -1
# പൊതു അവലോകനം

# പൊതു അവലോകനം


## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 03.03.2016 തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരം യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പുതുക്കിയ ബജറ്റിലെ വരവ് ചെലവ് എന്നിവ യഥാക്രമം 160633538, 134626881 രൂപയാണ്. EFMS മുഖേന MGNREGS, B -ഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള 31,215,126/- രൂപയുടേയും 460,94,500 രൂപയുടെയും വരവുചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവ ഉൾപ്പെടെയുള്ള കണക്കു നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. മുൻ വർഷങ്ങളിലെ യഥാർത്ഥ വരവ് ചെലവ് എന്നിവ അടിസ്ഥാനപ്പെടുത്തി ബജറ്റ് തയ്യാറാക്കേണ്ടതാണ്. വരവ് ചെലവ് എന്നിവയുടെ വ്യക്തമായ ധാരണ ഉണ്ടാകുന്നത് വികസന പ്രവർത്തനങ്ങൾ മികവാർന്ന രീതിയിൽ ആവിഷ്കരിച്ച് നടപ്പാക്കാൻ സാധിക്കുമെന്നതിനാൽ ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 21.7.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു.അപാകത ഉള്ളതായി കാണുന്നു. വിശദാംശം ഖണ്ഡിക 2-5 -ൽ ചേർക്കുന്നു ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവയും അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20156368 |
| വരവ് | 58975659 |
| ആകെ | 79132027 |
| ചെലവ് | 54892653 |
| നീക്കിയിരിപ്പ് | 24239374 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 00 | 11820694 | 11820694 | 11820694 | 0 |
| വികസന ഫണ്ട് എസ്.സി.പി | 00 | 1950032 | 1950032 | 1950032 | 0 |
| വികസന ഫണ്ട് ടി.എസ്,പി | 00 | 20000 | 20000 | 20000 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 00 | 1949493 | 1949493 | 1949493 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 00 | 1209746 | 1209746 | 1209746 | 0 |
| പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4077440 | 4077440 | 4077440 | 0 |
| പെർഫോർമസ് ഗ്രാന്റ് (ലോകബാങ്ക്) | 00 | 2483261 | 2483261 | 2483261 | 0 |
| ബി ഫണ്ട് | 00 | 46484380 | 46484380 | 46484380 | 0 |
| NREGS | 1485 | 31213641 | 31215126 | 3117291 | 4235 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|
| 223 | 134 | 3 | 86 | 60 |

അനുവദിക്കുന്ന പ്രോജക്കുകൾ സമയബന്ധിതമായി പൂർത്തികരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>നിർബന്ധിത വകയിരുത്തലുകളും ചെലവും</u>

| പദ്ധതി | പ്രോജക്കുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| വനിതാ ഘടക പദ്ധതി | 9 | 3885676 | 2908133 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 2 | 585000 | 585000 |
| പാലിയേറ്റിവ് കെയർ | 1 | 441376 | 441376 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 3 | 2447200 | 1480500 |
| ആശ്രയ പദ്ധതി | 3 | 354100 | 354100 |

## 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ തനത് വരുമാനത്തിൽ നിന്ന് താഴെപ്പറയും പ്രകാരം 48.8% വർദ്ധനവുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 9061429 | 12609937 | 3548508 | (+)39 |
| നികുതിയേതര വരവുകൾ | 1776842 | 3191625 | 1414783 | (+)79.6 |
| മറ്റ് വരവുകൾ | 379668 | 892306 | 512638 | (+)135 |
| ആകെ | 11217939 | 16693868 | 5475929 | (+)48.8 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 2465600 | 1441 |
| വിധവാപെൻഷൻ | 16142300 | 6935 |
| വാർദ്ധക്യകാലപെൻഷൻ | 23996100 | 8565 |
| വികലാംഗപെൻഷൻ | 3157900 | 1653 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 332600 | 169 |
| തൊഴിൽ രഹിത വേതനം | 59880 | 61 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.08.2017ൽ 3.15PM ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 6984/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ പൊതുവേ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് രണ്ടാംനിലയിൽ പ്രവർത്തിക്കുന്നതിനാൽ പ്രായമായവർക്ക് എത്തിച്ചേരുന്നതിന് ബദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. ധനകാര്യ പത്രിക, ബഡ്ജറ്റ് എന്നിവ തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ഇൻകുമ്പൻസി രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ പൂർണ്ണമായ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.07.2017 മുതൽ 20.07.2017വരെ | 06/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.04.2003 മുതൽ 09.05.2003വരെ | 1997-98മുതൽ 2001-02വരെ | 31.07.2003 |

## 1-12 ഓഡിറ്റ് ഇംപാക്റ്റ് - ഓഡിറ്റ് നിർദ്ദേശാനുസരണം അധികതുക തിരിച്ചടച്ചത്

ഉത്സവബത്തക്ക് പകരം ബോണസ് നൽകി- 1100 രൂപ നഷ്ടം

ഉത്സവബത്തക്ക് മാത്രം അർഹതയുള്ള ഉദ്യോഗസ്ഥന് ബോണസ് നൽകിയതിനാൽ 1100 രൂപ നഷ്ടം സംഭവിച്ചു.നൽകിയ

തുക. 3500 വൗച്ചർ നം, 21600456/8.9.2016 അധികരിച്ച് നൽകിയ തുക ഓഡിറ്റ് എൻക്വയറി(നം 4/7.8.2017) നൽകിയതിന്റെ അടിസ്ഥാനത്തിൽ 11.08.2017 ലെ 117150102750 പ്രകാരം തിരിച്ചടച്ചു.

.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് ഫീ -അപാകതകൾ

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ഡി & ഒ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി സാംഖ്യ അക്കൌണ്ട് പ്രകാരം ഡി& ഒ ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം ഡി& ഒ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേർസ് ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.

(2.)ഭൂരിഭാഗം ഡി & ഒ ലൈസൻസ് അപേക്ഷകളിലും ആവശ്യമായ എല്ലാവിവരങ്ങളും ചേർക്കുകയോ, അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണത്തിനു ശേഷം മതിയായ രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്യുന്നില്ല. സ്ഥാപനത്തിന്റെ പേര്, കെട്ടിട നമ്പർ, സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, ദിവസ വരുമാനം/ യന്ത്രസാമഗ്രികളുടെ കുതിര ശക്തി മുതലായ വിവരങ്ങൾ കൃത്യമായും ചേർക്കേണ്ടതാണ്.സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, ദിവസ വരുമാനം/ യന്ത്രസാമഗ്രികളുടെ കുതിര ശക്തിഎന്നിവയുടെ സാധുത ഉറപ്പാക്കി ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പാർട്ട് പ്രകാരം ലൈസൻസ് ഫീ ഈടാക്കുന്നില്ല.

(3) പരിശോധനയിൽ ലൈസൻസ് ഫീ കുറവായി ഈടാക്കിയതായി കണ്ട സ്ഥാപനങ്ങൾ.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥൻ | വിറ്റുവരവ്/ കുതിരശക്തി | ഈടാക്കിയ ഫീ രശീത് നമ്പർ | ഈടാക്കേണ്ട തുക | നഷ്ടം |
|---|---|---|---|---|---|---|
| 1 | IV/611-B | അൾട്രാ ടെക് സിമന്റ് | 450000 | 2000 11515104263 31-3-2016 | 4000 | 2000 |

കുറവ് വന്ന 2000 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

(4) ഡി & ഒ ലൈസൻസ് അനുവദിയ്ക്കുമ്പോൾ നിയമ പ്രകാരമുള്ള വിഭാഗത്തിനുള്ള വസ്തു നികുതിയാണ് നിർണ്ണയിച്ചിട്ടുള്ളതെന്നും വസ്തു നികുതി കുടിശ്ശിക ഇല്ല എന്നും ഉറപ്പാക്കുന്നില്ല.ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ കെട്ടിടനമ്പർ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ലൈസൻസ് നല്കിയ സ്ഥാപനങ്ങൾ പലതും പാർപ്പിട ആവശ്യങ്ങൾക്കൊ മറ്റ് ആവശ്യങ്ങൾക്കൊ ഉള്ള വസ്തു നികുതി അടയ്ക്കുന്ന കെട്ടിടങ്ങളാണ്.

.

വസ്തു നികുതി നിർണ്ണയ പ്രകാരം ഈ നമ്പറിൽ കെട്ടിടം നിലവിലില്ല

| ക്രമ നം | ലൈസൻസ് നം | കെട്ടിട നം | ഉപയോഗം | സഞ്ചയ വസ്തു നികുതി നിർണ്ണയ പ്രകാരം ഉപയോഗം |
|---|---|---|---|---|
| 1 | 663 | IV/44C | വാണിജ്യം | വസ്തു നികുതി നിർണ്ണയ പ്രകാരം ഈ നമ്പറിൽ |

| | | | | |
|---|---|---|---|---|
| | | | | കെട്ടിടം നിലവിലില്ല |
| 2 | 634 | II/20 | വാണിജ്യം | പാർപ്പിടം |
| 3 | 624 | XIII/260 | വാണിജ്യം | പാർപ്പിടം |
| 4 | 599 | VII /133 | വാണിജ്യം | പാർപ്പിടം |
| 5 | 596 | V/536 | വാണിജ്യം | വസ്തു നികുതി നിർണ്ണയ പ്രകാരം ഈ നമ്പറിൽ കെട്ടിടം നിലവിലില്ല |
| 6 | 585 | VI/588, 589 | വാണിജ്യം | വസ്തു നികുതി നിർണ്ണയ പ്രകാരം ഈ നമ്പറിൽ കെട്ടിടം നിലവിലില്ല |
| 7 | 581 | XII/417 B | വാണിജ്യം | പാർപ്പിടം |
| 8 | 543 | XVII/34 | വാണിജ്യം | വസ്തു നികുതി നിർണ്ണയ പ്രകാരം ഈ നമ്പറിൽ കെട്ടിടം നിലവിലില്ല |

പ്രസ്തുത അപാകതകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി-അപാകതകൾ

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല.എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് സ്ഥാപന ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി സി ബി പത്രിക തയ്യാറാക്കേണ്ടതുമാണ്. സാഖ്യാ അക്കൌണ്ട് പ്രകാരം തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രം രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്.ആയതിനാൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതിയോ ജീവനക്കാരുടെ തൊഴിൽ നികുതിയോ അടച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. ചെറുതും വലുതുമായ ധാരാളം നിർമ്മാണ കമ്പനികളും വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിയ്ക്കുന്ന പഞ്ചായത്തിൽ തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ നിയമപരമായി ലഭ്യമാകേണ്ട തെഴിൽ നികുതി പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബിനാമി സിങ്ക് ലിമിറ്റഡ് | I&IInd |
| 2 | കൊച്ചിൻ അഗ്രോന്യൂട്രിയന്റ് & കെമിക്കൽസ് | I&IInd |
| 3 | ഫെഡെക്സ് എക്സ് പ്രസ് ട്രാൻസ്പോർട്ടേഷൻസ് | I&IInd |
| 4 | ഹൈ ടെക് എഞ്ചിനീയറിങ്ങ് & എക്കൊ സൊലൂഷൻസ് | I&IInd |
| 5 | ക്ലാസ്സിക് കൺസെപ്റ്റ്സ് | I&IInd |
| 6 | മാസ്ട്ടോം ഇലക്ട്രൊ കോട്ട്സ് | I&IInd |
| 7 | മെർകം ലിമിറ്റഡ് | I&IInd |

| | | |
|---|---|---|
| 8 | മൊണാർക് ഏജൻസിസ് | I&IInd |
| 9 | നാഷണൽ ഇൻഡസ്ട്രീസ് | I&IInd |
| 10 | നെൽകാത്തോർ ബോൺ ഇൻഡസ്ട്രീസ് | I&IInd |
| 11 | പഞ്ചമി അഗ്രൊ ഇൻഡസ്ട്രീസ് | I&IInd |
| 12 | പിഡെലൈറ്റ് ഇൻഡസ്ട്രീസ് | I&IInd |
| 13 | ആർ പി അസോസിയേറ്റ്സ് | I&IInd |
| 14 | രാമാനന്ദ് ഇലക്ട്രോ കോട്ട്സ് | I&IInd |
| 15 | ഷെഫ്ഫോർഡ് പ്ലാസ്റ്റിക് എക്സ്ട്രൂഷൻസ് | I&IInd |
| 16 | സൗത്ത് ഇൻഡ്യൻ ഫെർട്ടിലൈസൻസ് | I&IInd |
| 17 | ടെൻഡ്രിൽസ് പോളി ത്രെഡ്സ് | I&IInd |
| 18 | വൈറ്റില സ്റ്റീൽ (പി) ലിമിറ്റഡ് | I&IInd |
| 19 | കൊച്ചിൻ ഗ്യസ്കെറ്റ്സ് | IInd |
| 20 | ഗോദ്റെജ് കൺസ്യൂമെർ പ്രോഡക്റ്റ്സ് | IInd |
| 21 | മാർ ആർ കെ ഗോൾഡൻ ക്രംപ് റബ്ബർ ലിമിറ്റഡ് | IInd |
| 22 | പ്രൈമ അഗ്രൊ ലിമിറ്റഡ് | IInd |
| 23 | പ്രിസം സിമന്റ് ലിമിറ്റഡ് | IInd |
| 24 | ശ്രീ ശ്രീനിവാസ് റോളർ ഫ്ലോർ മിൽസ് | IInd |
| 25 | അൾട്രാ ടെക് സിമന്റ് | IInd |
| 26 | ട്രാവൻകൂർ കെമിക്കൽ ഇൻഡസ്ട്രീസ് | IInd |
| 27 | ശ്രീ ശക്തി പേപ്പർ മിൽസ് | IInd |
| 28 | ആൽഫ്സബ് ക്രംപ് റബ്ബർ ലിമിറ്റഡ് | IInd |
| 29 | നാഷണൽ ഇൻഷൂറൻസ് , മുപ്പത്തടം | I&IInd |
| 30 | ജോയിന്റ് ഡയറക്ടർ ഓഫ് ഫിഷറീസ് സൊസൈറ്റി | I&IInd |
| 31 | ഡയറക്ടർ ഓഫ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് | I&IInd |
| 32 | സർവ്വീസ് സഹകരണ ബാങ്ക്, ഏലൂർക്കര | I&IInd |
| 33 | കെ എസ് സി എഫ് ,നീതി ഡിസ്ട്രിബ്യൂഷൻ സെന്റർ | I&IInd |
| 34 | പി എച്ച് സി , ബിനാനിപുരം | IInd |
| 35 | സ്റ്റേറ്റ് ബാങ്ക് ഓഫ് 'ട്രാവൻകൂർ | IInd |

(3) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മണപ്പുറം ഫിനാൻസ് | I&IInd |
| 2 | സർവ്വീസ് സഹകരണ ബാങ്ക്, ഏലൂർക്കര | I&IInd |
| 3 | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ | I&IInd |
| | | |

| | | |
|---|---|---|
| 4 | നാഷണൽ ഇൻഷൂറൻസ് , മുപ്പത്തടം | I&IInd |
| 5 | ഫെഡറൽ ബാങ്ക് മുപ്പത്തടം | IInd |
| 6 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | I&IInd |
| 7 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | I&IInd |
| 8 | എസ് എസ് സൊലൂഷൻസ് (ഡി & ഒ ലൈസൻസ് നം-69) | I&IInd |
| 9 | ഫ്ലോർ മിൽ (ഡി & ഒ ലൈസൻസ് നം76) | I&IInd |
| 10 | പിഡലൈറ്റ് ഇൻഡസ്ട്രീസ് (ഡി & ഒ ലൈസൻസ്-278) | I&IInd |
| 11 | പസഫിക് പാക്കിംഗ് (ഡി & ഒ ലൈസൻസ് നം-272) | I&IInd |
| 12 | ആക്ടീവ് ചാർ പ്രൊഡക്ട്സ് (ഡി & ഒ ലൈസൻസ്-189) നം-189) | I&IInd |
| 13 | ചന്ദ്രിക ഫുഡ് & ബിവറേജസ് (ഡി & ഒ ലൈസൻസ് നം-176) | I&IInd |
| 14 | നാദീം സ്പൈസസ് & ഇൻഡസ്ട്രീസ് ഡി & ഒ ലൈസൻസ് നം-284) | I&IInd |
| 15 | കെ എസ് ഇ ബി , കടുങ്ങല്ലൂർ | I&IInd |

(4)കുടിശ്ശിക രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിയ്ക്കുകയോ പിരിച്ചെടുത്ത് ഡി സി ബി പത്രിക തയ്യാറാക്കി കൃത്യത ഉറപ്പുവരുത്തുകയോ ചെയ്യുന്നില്ല.
തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനും രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

.

## 2-3 വസ്തു നികുതി സംബന്ധിച്ച അപാകതകൾ

a)20 %വർദ്ധനവ് വരുത്തുന്നില്ല.

സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ താഴെ ചേർത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ 5മീറ്ററിൽ കൂടുതലുള്ള വഴി സൗകര്യത്തിനുള്ള കെട്ടിടങ്ങൾക്കുള്ള 20 %വർദ്ധനവ് വരുത്തിയിട്ടില്ല.

| ക്രമ നം | കെട്ടിട നം | ഉപയോഗം | വഴി | വഴിയുടെ തരം |
|---|---|---|---|---|
| 1 | XII/369-A | വാണിജ്യം | ആലുവ -എടയ്യാർ റോഡ് | 5 മീറ്ററിൽ കൂടുതൽ |
| 2 | XII/396-B | വാണിജ്യം | ആലുവ -എടയ്യാർ റോഡ് | 5 മീറ്ററിൽ കൂടുതൽ |
| 3 | XII/396-D | വാണിജ്യം | ആലുവ -എടയ്യാർ റോഡ് | 5 മീറ്ററിൽ കൂടുതൽ |
| 4 | XII/396-E | വാണിജ്യം | ആലുവ -എടയ്യാർ റോഡ് | 5 മീറ്ററിൽ കൂടുതൽ |
| 5 | XII/396-F | വാണിജ്യം | ആലുവ -എടയ്യാർ റോഡ് | 5 മീറ്ററിൽ കൂടുതൽ |

| | | | | |
|---|---|---|---|---|
| 6 | XII/418-A | പാർപ്പിടം | ആലുവ -എടയ്യാർ റോഡ് | 5 മീറ്ററിൽ കൂടുതൽ |
| 7 | XII/418-B | വാണിജ്യം | ആലുവ -എടയ്യാർ റോഡ് | 5 മീറ്ററിൽ കൂടുതൽ |
| 8 | XII/418-C | വാണിജ്യം | ആലുവ -എടയ്യാർ റോഡ് | 5 മീറ്ററിൽ കൂടുതൽ |
| 9 | XII/418-D | വാണിജ്യം | ആലുവ -എടയ്യാർ റോഡ് | 5 മീറ്ററിൽ കൂടുതൽ |

അപാകതകൾ സംബന്ധിച്ച് പരിശോധിക്കേണ്ടതും യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ കെട്ടിടങ്ങളുടെ വസ്തു നികുതി 20 % വർദ്ധനവ് വരുത്തി പുനർ നിർണ്ണയംനടത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

b)സാംഖ്യ സഞ്ചയ കണക്കുകളിലെ വ്യത്യാസം

(1) 2016-17ലെ സാഖ്യ അക്കൗണ്ടിലെ വസ്തുനികുതി കറന്റ് & കുടിശ്ശിക വരവിലും 11-8-2017 -ൽ സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായ 2016-17ലെ വസ്തുനികുതി കറന്റ് & കുടിശ്ശിക വരവിലും താഴെക്കാണിക്കും പ്രകാരം വ്യത്യാസം കാണുന്നു.

<u>വസ്തുനികുതി -തൻവർഷം</u>

| ക്രമ നം | വിഭാഗം | സാഖ്യ ഡിമാന്റ് | സഞ്ചയ ഡിമാന്റ് | വ്യത്യാസം | സാഖ്യ കളക്ഷൻ | സഞ്ചയ കളക്ഷൻ | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | ഗാർഹികം | 8492596 | 4610928 | 3881668 | 5075248 | 2681174 | 2394074 |
| 2 | ഗാർഹികേതരം | | 5453342 | (-) 5453342 | 553265 | 2700922 | (-) 2147657 |
| 3 | ആകെ | 8492596 | 10064270 | 1571674 | 5628513 | 5382096 | 246417 |

<u>വസ്തുനികുതി -കുടിശ്ശിക</u>

| ക്രമ നം | വിഭാഗം | സാഖ്യ ഡിമാന്റ് | സഞ്ചയ ഡിമാന്റ് | വ്യത്യാസം | സാഖ്യ കളക്ഷൻ | സഞ്ചയ കളക്ഷൻ | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | ഗാർഹികം | 10668190 | 5724787 | 4943403 | 2701715 | 1536720 | 1164995 |
| 2 | ഗാർഹികേതരം | - | 8476958 | (-) 8476958 | 590454 | 1249131 | (-)658677 |
| 3 | ആകെ | 10668190 | 14201745 | 3533555 | 3292169 | 2785851 | 506318 |

(2) 2013-14 സാമ്പത്തിക വർഷത്തിനു മുൻപുള്ള വസ്തുനികുതി കുടിശ്ശിക കൃത്യമായി കണക്കാക്കി സാംഖ്യ അക്കൗണ്ടിൽ കുടിശ്ശികയായി ഉൾപ്പെടുത്തുന്നില്ല. 2013-14 സാമ്പത്തിക വർഷത്തിനു മുൻപുള്ള വസ്തുനികുതി കുടിശ്ശികയുടെ കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

c)വസ്തു നികുതി പുനർനിർണ്ണയ അപാകത

സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തു നികതി 2013-14 വർഷം മുതൽ പുനർ നിർണ്ണയിച്ചതിൽ കണ്ട അപാകത താഴെ ചേർക്കുന്നു.

1.

| | |
|---|---|
| കെട്ടിട നം | XXI/403-A (പഴയ നം.X/238-G) |
| ഉപയോഗം | വാണിജ്യം |
| വിസ്തീർണ്ണം | 128 m2 |
| നിരക്ക് | 60 (100 m2 മുകളിലുള്ള വാണിജ്യ സ്ഥാപനങ്ങൾക്ക്) |
| അടിസ്ഥാന വസ്തു നികുതി | 7680 |
| നിലവിലുണ്ടായിരുന്ന നികുതി | 3240 |
| 100% വർദ്ധന വരുത്തി നിർണ്ണയി ക്കേണ്ട അടിസ്ഥാന വസ്തു നികുതി (നിലവിലുണ്ടായിരുന്ന വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി തറ വിസ്തീർണ്ണത്തിനനുസരിച്ച് വസ്തു നികുതി നിശ്ചയിക്കുമ്പോൾ പരമാവധി | 6480 |

| | |
|---|---|
| വർദ്ധന നിലവിലുള്ള നികുതി യുടെ 100% മായി നിജപ്പെടുത്തിയിരുന്നു.) | |
| നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി | 5760 |
| അടിസ്ഥാന വസ്തു നികുതിയിലെ കുറവ് | 720 |

2.

| | |
|---|---|
| കെട്ടിട നം | X/288-A (പഴയ നംX/491-D) |
| ഉപയോഗം | വാണിജ്യം |
| വിസ്തീർണ്ണം | 284.49m2 |
| നിരക്ക് | 60 (100 m2 മുകളിലുള്ള വാണിജ്യ സ്ഥാപനങ്ങൾക്ക്) |
| അടിസ്ഥാന വസ്തു നികതി 284.49x60 | 17069.4 |
| നിലവിലുണ്ടായിരുന്ന നികുതി | 16200 |
| നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി 281.49x60 (തറ വിസ്തീർണ്ണത്തിനനുസ രിച്ചുള്ള നികുതി) | 17069.4 |
| നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി | 11750 |
| അടിസ്ഥാന വസ്തു നികുതിയിലെ കുറവ് | 5319 |

ഈ അപാകതകൾ പരിശോധിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിയേക്കണ്ടതാണ്.

## 2-4 ചുറ്റുമതിൽ നിർമ്മാണം - ബഹു. ഹൈക്കോടതി ഉത്തരവ് പാലിച്ചില്ല

2016-17 വർഷം കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് ബിൽഡിംഗ് പെർമിറ്റ് ഫയൽ പരിശോധനയിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ശ്രീ. ഫ്രാൻസീസ് ആലുക്കാസിന് ഗ്രാമപഞ്ചായത്ത് പെർമിറ്റ് നൽകിയെങ്കിലും ടി നിർമ്മാണം നിയമലംഘനമാണെന്ന് പിന്നീട് കണ്ടെത്തിയതിനെ തുടർന്ന് പഞ്ചായത്ത് കമ്മറ്റിയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും തദ്ദേശ സ്വയംഭരണ വകുപ്പും നിർമ്മാണം നീക്കം ചെയ്യണമെന്ന് തീരുമാനിച്ചെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല. അപേക്ഷകൻ ബഹു. ഹൈക്കോടതിയിൽ നൽകിയ WP(C) 4108/11 പ്രകാരമുള്ള കേസിന്റെ 3.3.2016 ലെ വിധിയിലും ഒരു മാസത്തിനകം നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചെങ്കിലും അതും പാലിക്കപ്പെട്ടിട്ടില്ല. തടർനടപടി സ്വീകരിച്ചത് വിശദമാക്കാൻ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (No. 5/ തീ. 7.8.17) നിയമോപദേശത്തിനായി അഭിഭാഷകനുമായി ബന്ധപ്പെട്ടു എന്ന മറുപടി മാത്രമാണ് ലഭിച്ചത്.

അനധികൃതമായിനടത്തിയ നിർമ്മാണ പ്രവൃത്തി ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണവും നീക്കംചെയ്യാത്തത് കോടതിയലക്ഷ്യമായി മാറാവുന്നതാണ്. ആയതിനാൽ ഇക്കാര്യത്തിൽ തുടർനടപടിയുമായി അധികൃതരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

നിർമ്മാണ പ്രവൃത്തി നടത്തിയ വസ്തുവിവരം ചുവടെ ചേർക്കുന്നു.

അപേക്ഷകൻ: ഫ്രാൻസിസ് ആലുക്കാസ്, കോഴിക്കോട്
വസ്തു വിവരം: 5.48 ഏക്കർ (453/6, 453/7-1, 454/2, 453/8, 453/9AB, 453/7, 454/1 പറവൂർ താലൂക്ക് ആലങ്ങാട് വില്ലേജ്)
വാർഡ്. II

## 2-5 ധനകാര്യ പത്രിക അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ ധനകാര്യ പത്രികയിലെ അപാകതകൾ താഴെ ചേർക്കുന്നു.

.

1)പഞ്ചായത്തിന്റെ ധനകാര്യ പത്രിക പ്രകാരമുള്ള ബി ഫണ്ട് ചെലവും യഥാർത്ഥ ചെലവും താഴെ ചേർക്കുന്നു.

| ഇനം | യഥാർത്ഥ ചെലവ് | ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ്(ഷെഡ്യൂൾI-6) | വ്യത്യാസം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2465600 | 2474160 | 8560 |
| വികലാംഗ പെൻഷൻ | 3157900 | 3170555 | 12655 |
| വാർദ്ധക്യകാല പെൻഷൻ | 23996100 | 24016395 | 20295 |
| വിധവ പെൻഷൻ | 16142300 | 16153710 | 11410 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 332600 | 333430 | 830 |
| തൊഴിൽ രഹിത വേതനം | 59880 | 59880 | - |
| അവിവാഹിതരായ വിധവ കളുടെ പെൺമക്കളുടെ ധനസഹായം | 330000 | 210000 | 120000 |

ചെലവ് രേഖപ്പെടുത്തിയതിലെ അപാകത പരിഹരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ അപാകതകൾ ഉടൻ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

2)പഞ്ചായത്ത്, വാട്ടർ അതോറിറ്റി, കെ എസ് ഇ ബി എന്നിവക്ക് ഡെപ്പോസിറ്റ് ഇനത്തിൽ 2016-17 ൽ നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | മുൻകൂർ നൽകിയ തുക | നിർവ്വഹണ സ്ഥാപനം |
|---|---|---|---|
| എസ് 0044/16-17 | കീരമ്പിള്ളി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 114925 | കെ എസ് ഇ ബി |
